എന്നിവയുമായെല്ലാം യോജിച്ചു കയറുല്പന്നങ്ങളുടെ മാർക്കറ്റ് വർദ്ധിപ്പിക്കുന്നതിനും പ്രവർത്തിക്കുന്നു. 2013-14 വർഷത്തെ ഹോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ വാർഷിക വിറ്റുവരവ് 675.43 ലക്ഷം രൂപയും കയറ്റുമതി 72.24 ലക്ഷം രൂപയുമാണ്.

ഈ സ്ഥാപനങ്ങളെല്ലാംതന്നെ പഞ്ചായത്തുകളുമായെല്ലാം ബന്ധപ്പെട്ട് ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നു.

(സി) കയർ ഉല്പാദക സ്ഥാപനങ്ങൾക്കാവശ്യമായ തൊണ്ട് സംഭരിക്കുന്നതിന് തൊണ്ടു സംഭരണ പദ്ധതി പരിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്. തൊണ്ടുസംഭരിക്കുന്നതിന് തൊണ്ടുസംഭരണ കൺസോർഷ്യങ്ങൾക്ക് 5.00 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട്, കടത്ത് കൂലിയുടെ 50% ഗ്രാന്റ്, തൊണ്ട് സംഭരിക്കുന്നതിന് കയർ സഹകരണ സംഘങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് എന്നിവ നൽകി വരുന്നു. തൊണ്ട് ശേഖരിക്കുന്ന ആക്ടിവിറ്റി ഗ്രൂപ്പിലെ വ്യക്തിക്ക് പ്രതിദിനം നൽകിയിരുന്ന പരമാവധി വേതനം 100 രൂപയിൽ നിന്ന് 150 രൂപയായും സംഭരിക്കുന്ന തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് പച്ചത്തൊണ്ടിന് 10 പൈസയിൽ നിന്നും 15 പൈസയായും ഉണക്കത്തൊണ്ടിന് 7.5 പൈസയിൽ നിന്നും 10 പൈസയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഡീഫൈബറിംഗ് മെഷീനുള്ള കയർ മേഖലയിലെ സഹകരണ സംഘങ്ങൾ സംഘത്തിലെ ഉല്പാദനത്തിന് സംഭരിക്കേണ്ടിവരുന്ന തൊണ്ട് പ്രസ്തുത സംഘങ്ങളിലെ തൊഴിലാളികൾ സംഘം മുഖേന ശേഖരിക്കുകയാണെങ്കിൽ ആ തൊഴിലാളിക്ക് ആക്ടിവിറ്റി ഗ്രൂപ്പ് അംഗങ്ങൾക്ക് നൽകുന്ന മാനദണ്ഡ പ്രകാരമുള്ള പ്രതിദിനം ലഭിക്കുന്ന 150 രൂപ, സംഭരിക്കുന്ന തൊണ്ടിന് ഇൻസെന്റീവ് ഇവ ലഭിക്കുന്നതിന് അർഹരാക്കി. പ്രോജക്ട് ലെവൽ ഹൈപ്പവർ പ്രൊക്യൂയർമെന്റ് കമ്മിറ്റിയുടെയും മോണിറ്ററിംഗ് കമ്മിറ്റിയുടെയും ഘടനകളിൽ മാറ്റങ്ങൾ വരുത്തി. തൊണ്ട് സംഭരണം കൂടുതൽ ശക്തമാക്കി വിപുലീകരിച്ചുനടപ്പാക്കുന്നതിനായി പദ്ധതി ഇനിയും പരിഷ്ക്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല, നാളികേര വികസന ബോർഡുമായി ചേർന്നും തൊണ്ട് സംഭരിച്ച് ചകിരിയാക്കാനുള്ള പദ്ധതി നടപ്പിലാക്കാനും നടപടി സ്വീകരിച്ചുവരുന്നു. വിപണനം, കയറ്റുമതി എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. 2013-14 വർഷം ഇന്ത്യയിൽ നിന്നും 1476 കോടി രൂപയുടെ കയറും കയറുല്പന്നങ്ങളും കയർ വിത്തും കയറ്റുമതി നടത്തിയിട്ടുണ്ട്.

കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതി

215 (7166) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽവന്നശേഷം സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദേശ രാജ്യങ്ങളിൽ നടക്കുന്ന വിവിധ അന്താരാഷ്ട്ര എക്സിബിഷനുകളിൽ കയർ മേഖലയിലെ വിവിധ സ്ഥാപനങ്ങൾ പങ്കെടുക്കുന്നതിന് സാഹചര്യമൊരുക്കി. വിദേശ വിപണി കൂടി ലക്ഷ്യമിട്ട് ആലപ്പുഴയിൽ കയർ കേരള അന്താരാഷ്ട്ര എക്സിബിഷൻ 2012, 2013, 2014 വർഷങ്ങളിൽ, വിജയകരമായി സംഘടിപ്പിച്ചു. വിദേശവിപണി ഓർഡർ ലഭിക്കുന്നതിനായി ബയർ സെല്ലർ മീറ്റുകൾ സംഘടിപ്പിക്കുകയും പങ്കെടുക്കുകയും ചെയ്യുന്നതിനും സ്ഥാപനങ്ങൾക്ക് അവസരമൊരുക്കി. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കൂടുതലായി ഉൽപ്പാദിപ്പിച്ച് കയറുൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ/ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്/ കയർഫെഡ് എന്നീ സ്ഥാപനങ്ങൾ മുഖാന്തിരം വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കുന്ന ക്രയവില സ്ഥിരതാ പദ്ധതിയും (PPSS) സ്തുത്യർഹമായ രീതിയിൽ നടപ്പിലാക്കിവരുന്നു.

കയർ വികസന വകുപ്പിൽനിന്നുള്ള ഉത്തരവുകൾ

216 (7187) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ സഹകരണ സംഘങ്ങളിലെ തൊഴിലാളികളുടെ ത്രിഹ്റ്റ്, ഷെയർ, ഗ്രാറ്റുവിറ്റി തുടങ്ങിയവ അനുവദിക്കുന്നതുസംബന്ധിച്ച് 2009-10 കാലയളവിൽ കയർ വികസന വകുപ്പിൽനിന്നും ഏതെങ്കിലും ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ബി) കയർ സഹകരണ സംഘങ്ങളിലെ തൊഴിലാളികളുടെ ത്രിഹ്റ്റ്, ഷെയർ, ഗ്രാറ്റുവിറ്റി തുടങ്ങിയവ നൽകുന്നതു സംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഉണ്ടായിരുന്ന ഉത്തരവുകൾ ഏതെങ്കിലും റദ്ദ് ചെയ്യുകയോ പരിഷ്കരിക്കുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) കയർ സഹകരണ സംഘങ്ങളിലെ തൊഴിലാളികളുടെ ത്രിഹ്റ്റ്/ ഷെയർ/ഗ്രാറ്റുവിറ്റി തുടങ്ങിയവ അനുവദിക്കുന്നത് സംബന്ധിച്ച് 2009-10 കാലയളവിൽ 17-2-2010-ൽ ജി.ഒ.(എംഎസ്.) നമ്പർ 34/2010/വ്യവ.നമ്പർ. ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.